2024
JULY
23
TUESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ
SOCIETY TODAY

E-mail: societytodaynews@gmail.com

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## സാമ്പത്തിക സർവെ റിപ്പോർട്ട് പാർലമെന്റിൽ

# ഇന്ത്യ 7% വളരും

### കൊവിഡ് കാലഘട്ടത്തിനു ശേഷം ശക്തമായ തിരിച്ചുവരവാണ് ഇന്ത്യൻ സമ്പദ് വ്യവസ്ഥ കാഴ്ചവയ്ക്കുന്നത്




**ന്യൂഡൽഹി:** 202324 വർഷത്തെ സാമ്പത്തിക സർവെ റിപ്പോർട്ട് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ പാർലമെൻറിൽ അവതരിപ്പിച്ചു. ബജറ്റ് സമ്മേളനത്തിൻറെ ആദ്യ ദിവസം സഭയുടെ മേശപ്പുറത്തു വച്ച സാമ്പത്തിക സർവെ റിപ്പോർട്ടിനു പിന്നാലെ രണ്ടാം ദിവസമാണ് കേന്ദ്ര ബജറ്റ് അവതരിപ്പിക്കുക.

കൊവിഡ് കാലഘട്ടത്തിനു ശേഷം ശക്തമായ തിരിച്ചുവരവാണ് ഇന്ത്യൻ സമ്പദ് വ്യവസ്ഥ കാഴ്ചവയ്ക്കുന്നതെന്നും, മൊത്തം ആഭ്യന്തര ഉത്പാദനത്തിൽ (ജിഡിപി) 6.6 ശതമാനം മുതൽ 7 ശതമാനം വരെ വളർച്ച പ്രതീക്ഷിക്കാമെന്നും റിപ്പോർട്ടിൽ പറയുന്നു. വെല്ലുവിളികൾക്കിടയിലും ഇന്ത്യയ്ക്ക് സാമ്പത്തികമായി ഏറെ മുന്നേറാൻ സാധിച്ചെന്ന് റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു.

ആഗോള മൂല്യ ശൃംഖലയിൽ ഇന്ത്യയുടെ സംഭാവന ഗണ്യമായ വളർച്ച നേടിയെന്നും മുഖ്യ സാമ്പത്തിക ഉപദേഷ്ടാവ് അനന്ത നാഗേശ്വരൻ തയാറാക്കിയ സാമ്പത്തിക സർവെ റിപ്പോർട്ടിൽ പരാമർശിക്കുന്നുണ്ട്. ആഗോള പ്രതിസന്ധികൾക്കു നടുവിൽ വികസിത ഭാരതം എന്ന ലക്ഷ്യത്തിലേക്കു മുന്നേറാൻ പ്രത്യേക പാത വെട്ടിത്തുറക്കണമെന്നും നിർദേശം.

വിലക്കയറ്റം നിയന്ത്രണ വിധേയമാണ്. കഴിഞ്ഞ 4 സാമ്പത്തിക വർഷങ്ങളിലെ ഏറ്റവും താഴ്ന്ന നിരക്കിലാണ് പണപ്പെരുപ്പമെന്നും റിപ്പോർട്ടിൽ പറയുന്നു. രാജ്യത്തെ തൊഴിൽ വിപണി സൂചികകളിൽ കഴിഞ്ഞ 6 വർഷത്തിനിടെ ഗണ്യമായ വളർച്ച രേഖപ്പെടുത്തിയിട്ടുണ്ട്. തൊഴിലില്ലായ്മാ നിരക്ക് 3.2 ശതമാനമായി കുറഞ്ഞു. തൊഴിൽ വിപണിയിൽ സ്ത്രീകളുടെയും യുവാക്കളുടെയും പ്രാതിനിധ്യം വർധിച്ചു. 5 വർഷത്തിനിടെ എംപ്ലോയീസ് പ്രോവിഡൻറ് ഫണ്ടിൽ (ഇപിഎഫ്ഒ) ഉൾപ്പെട്ടവരുടെ എണ്ണം ഇരട്ടിയിലധികമായി.

നടപ്പ് സാമ്പത്തിക വർഷത്തിൽ യുഎസ് ഡോളർ മറ്റു മിക്ക കറൻസികൾക്കും മുകളിൽ ആധിപത്യം വർധിപ്പിച്ചു. രൂപയും സമ്മർദം നേരിട്ടിട്ടുണ്ടെങ്കിലും, മറ്റു കറൻസികളെ അപേക്ഷിച്ച് കൂടുതൽ ശക്തമായി പിടിച്ചുനിൽക്കാൻ സാധിച്ചെന്നും റിപ്പോർട്ടിൽ അവകാശപ്പെടുന്നു.

പ്രധാന എണ്ണക്കുരുക്കളുടെ ഉൽപ്പാദനം വർധിപ്പിക്കാനും പയറുവർഗങ്ങളുടെ വിസ്തൃതി വിപുലീകരിക്കാനും പ്രത്യേക വിളകൾക്കായി ആധുനിക സംഭരണ സൗകര്യങ്ങൾ വികസിപ്പിക്കുന്നതിലെ പുരോഗതി വിലയിരുത്താനും കേന്ദ്രീകൃത ശ്രമങ്ങൾ നടത്താൻ സർവെ നിർദേശിച്ചു.

ഇന്ത്യയിലേക്ക് എത്തുന്ന വിദേശ നാണ്യം 3.7% വർധിച്ച് 2024ൽ 124 ബില്യൺ ഡോളറായും 4% വർധിച്ച് 2025ൽ 129 ബില്യൺ ഡോളറായും എത്തുമെന്ന് പ്രതീക്ഷിക്കുന്നു.നികുതി വരുമാനത്തിലെ വർധനവ് , ചെലവ് നിയന്ത്രണം, ഡിജിറ്റലൈസേഷൻ എന്നിവ ഇന്ത്യയെ സന്തുലിത സാമ്പത്തിക സമീപനം കൈവരിക്കാൻ സഹായിച്ചു. 2024 സാമ്പത്തിക വർഷം ഇന്ത്യയുടെ ബാങ്കിങ്, സാമ്പത്തിക മേഖലകൾ മികച്ച പ്രകടനം കാഴ്ചവച്ചു റിപ്പോർട്ടിൽ പറയുന്നു.



## കേന്ദ്ര ബജറ്റ് ഇന്ന്; ആദായനികുതി പരിധിയിലടക്കം ഇളവുകൾക്ക് സാധ്യത

**ന്യൂഡൽഹി:** മൂന്നാം നരേന്ദ്ര മോദി സർക്കാരിൻറെ ആദ്യ ബജറ്റ് ചൊവ്വാഴ്ച. രാവിലെ 11നു ലോക്സഭയിൽ ധനമന്ത്രി നിർമല സീതാരാമനാണു ബജറ്റ് അവതരിപ്പിക്കുന്നത്. നിർമലയുടെ തുടർച്ചയായ ഏഴാം ബജറ്റാണിത്. സി.ഡി. ദേശ്മുഖിനു ശേഷം ഈ റെക്കോഡ് സ്വന്തമാക്കുന്ന ആദ്യ ധനമന്ത്രിയാണ് നിർമല.

ബജറ്റ് സമ്മേളനത്തിൻറെ ആദ്യ ദിനം ധനമന്ത്രി സാമ്പത്തിക സർവെ സഭയിൽ അവതരിപ്പിച്ചു. രാജ്യം 6.57 ശതമാനം വളർച്ച നേടുമെന്നാണു സർവെയിലെ വിലയിരുത്തൽ. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ 'വികസിത് ഭാരത് 2047' എന്ന ലക്ഷ്യത്തിലേക്കുള്ള അടിത്തറയിടുന്നതാകും ബജറ്റ് നിർദേശങ്ങളെന്നാണു കരുതുന്നത്. ലോക്സഭാ തെരഞ്ഞെടുപ്പിൽ കർഷക, മധ്യവർഗ വിഭാഗങ്ങളിൽ നിന്ന് ബിജെപിക്കു തിരിച്ചടിയേറ്റിരുന്നു. മഹാരാഷ്ട്ര, ഹരിയാന, ഝാർഖണ്ഡ് നിയമസഭാ തെരഞ്ഞെടുപ്പുകൾ വരാനിരിക്കെ ഈ വിഭാഗങ്ങളെ ആകർഷിക്കാനുള്ള നടപടികളുണ്ടായേക്കും. ആദായനികുതി പരിധിയിലടക്കം ഇളവുകൾ പ്രതീക്ഷിക്കുന്നുണ്ട്. നിക്ഷേപകർക്ക് ഊർജം നൽകുന്ന പ്രഖ്യാപനങ്ങളുമുണ്ടാകും.

തിങ്കളാഴ്ച രാവിലെ ചേർന്ന എൻഡിഎ യോഗം ബജറ്റ് അവതരണത്തിൽ സ്വീകരിക്കേണ്ട തന്ത്രങ്ങൾ ചർച്ച ചെയ്തു. പ്രതിപക്ഷത്തിൻറെ ആരോപണങ്ങളെ നേരിടേണ്ടതിനെക്കുറിച്ചും മുതിർന്ന നേതാക്കൾ ഉപദേശം നൽകി. മുഴുവൻ എംപിമാരും സഭയിലുണ്ടാകണമെന്നാണു നിർദേശം. ബജറ്റ് അവതരണത്തിനു ശേഷം എല്ലാ എൻഡിഎ എംപിമാർക്കും പ്രധാന നിർദേശങ്ങളുടെ പകർപ്പ് നൽകുമെന്നും എല്ലാവരും ഒരേ സ്വരത്തിലായിരിക്കണം പ്രതികരിക്കേണ്ടതെന്നും നേതാക്കൾ.

അമൃതകാലത്തിനു ചേർന്ന ബജറ്റാകും നിർമല അവതരിപ്പിക്കുകയെന്നു പ്രധാനമന്ത്രി പറഞ്ഞു. സമ്പദ് വ്യവസ്ഥയുടെ കരുത്താണ് സാമ്പത്തിക സർവെയിൽ വ്യക്തമാകുന്നത്. സർക്കാർ നടത്തിയ പരിഷ്കരണങ്ങളുടെ ഫലവും തെളിഞ്ഞുകാണാം. കൂടുതൽ വളർച്ചയും പുരോഗതിയും നേടേണ്ട മേഖലകളെക്കുറിച്ചും വികസിത് ഭാരത് നിർമാണത്തെക്കുറിച്ചും അത് ചൂണ്ടിക്കാട്ടുന്നുവെന്നും മോദി പറഞ്ഞു.

## ബില്ലുകൾ തടഞ്ഞുവച്ചു; രാഷ്ട്രപതിക്കെതിരേ കേരളത്തിൻെറ ഹർജി ഇന്ന് സുപ്രീംകോടതിയിൽ

**ന്യൂഡൽഹി :** നിയമസഭ പാസാക്കിയ നാല് ബില്ലുകൾ തടഞ്ഞുവച്ച സംഭവത്തിൽ രാഷ്ട്രപതിക്കെതിരേ കേരളത്തിൻറെ ഹർജി ഇന്ന് സുപ്രീംകോടതിയിലെത്തും. ചീഫ് ജസ്റ്റീസ് അധ്യക്ഷനായ ബെഞ്ചാണ് ഹർജി പരിഗണിക്കുക.

അനുമതി നിഷേധിച്ച ബില്ലുകളിൽ രാഷ്ട്രപതിയും ഗവർണറും രേഖപ്പെടുത്തിയത് എന്താണെന്ന് അറിയാൻ ഫയലുകൾ വിളിച്ചുവരുത്തണമെന്നും ചീഫ് സെക്രട്ടറിയും ടി.പി.രാമകൃഷ്ണൻ എംഎൽഎയും നൽകിയ ഹർജിയിൽ പറയുന്നു.

രാഷ്ട്രപതിയുടെ സെക്രട്ടറി, ഗവർണർ, കേന്ദ്ര സർക്കാർ എന്നിവരാണ് എതിർകക്ഷികൾ. ഗവർണർ രാഷ്ട്രപതിക്ക് അയച്ചിട്ടുള്ള ഏഴ് ബില്ലുകളിൽ നാലെണ്ണം തടഞ്ഞുവച്ചതായാണ് പരാതി. സമർപ്പിച്ച ബില്ലുകളിൽ ലോകായുക്തയ്ക്ക് രാഷ്ട്രപതി അംഗീകാരം നൽകിയിട്ടുണ്ട്.

ബാക്കി ബില്ലുകളിലെല്ലാം തീരുമാനം വരാനുള്ളതാണ്. ഇത് വൈകിപ്പിക്കുന്നുവെന്ന് ചൂണ്ടിക്കാണിച്ചാണ് സംസ്ഥാനം ഹർജി നൽകിയിരിക്കുന്നത്.



അഡ്മിഷൻ തുടരുന്നു...

2024–2025
Integrated
MBA
MCA
(5 years)
Qualification: Plus Two
OTHER COURSES:
- B.Sc. Food Technology
- B.Sc. Microbiology
- B.Sc. Cyber Forensic
- B.Sc. Apparel and Fashion Technology
- B.A. Animation

KMM COLLEGES
Affiliated to MG University & Approved by AICTE
THRIKKAKKARA
Ph: 9895545924, 9400939888
www.kmmcolleges.com



മുത്തൂറ്റ് റിസ്ക് ഇൻഷുറൻസ് ആൻഡ് ബ്രോക്കിംഗ് സർവീസസിന്റെ തിരുവനന്തപുരത്തെ പുതിയ ഹെഡ് ഓഫീസിന്റെ ഉദ്ഘാടനം ചടങ്ങിൽ മുഖ്യാതിഥിയായ ഭീമ ജൂവലേഴ്സ് ചെയർമാൻ ഡോ. ബി. ഗോവിന്ദൻ, മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പ് ചെയർമാൻ തോമസ് ജോൺ മുത്തൂറ്റ്, ഡയറക്ടർ പ്രീതി ജോൺ മുത്തൂറ്റ്, മുത്തൂറ്റ് റിസ്ക് ഇൻഷുറൻസ് ആൻഡ് ബ്രോക്കിംഗ് സർവീസസ് സി ഇ ഒ ശ്രീറാം കുമാർ, മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് സി ഇ ഒ ഷാജി വർഗീസ്, മുത്തൂറ്റ് റിസ്ക് ഇൻഷുറൻസ് ആൻഡ് ബ്രോക്കിംഗ് സർവീസസ് ജനറൽ ഇൻഷുറൻസ് മേധാവി മനോജ് വർഗീസ്, ലൈഫ് ഇൻഷുറൻസ് മേധാവി കെ എം പ്രതീപ്, വിവിധ ഇൻഷുറൻസ് കമ്പനികളിൽ നിന്നുള്ള മുതിർന്ന ഉദ്യോഗസ്ഥർ തുടങ്ങിയർ.

# മുത്തൂറ്റ് റിസ്ക് ഇൻഷുറൻസ് ആൻഡ് ബ്രോക്കിംഗ് സർവീസസിന് തിരുവനന്തപുരത്ത് പുതിയ ഹെഡ് ഓഫീസ്

**തിരുവനന്തപുരം:** ഇന്ത്യയിലെ മുൻനിര ഇൻഷുറൻസ് ബ്രോക്കിംഗ് കമ്പനികളിലൊന്നായ മുത്തൂറ്റ് റിസ്ക് ഇൻഷുറൻസ് ആൻഡ് ബ്രോക്കിംഗ് സർവീസസ് (പ്രൈവറ്റ്) ലിമിറ്റഡിന്റെ (എംആർഐബിഎസ്), പുതിയ ഹെഡ് ഓഫീസ് തിരുവനന്തപുരത്ത് പ്രവർത്തനം ആരംഭിച്ചു. തൈക്കാടുള്ള വിപഞ്ചിക ടവേഴ്സിലാണ് പുതിയ ഹെഡ് ഓഫീസ് തുറന്നത്. 137 വർഷത്തെ പ്രവർത്തന പാരമ്പര്യമുള്ള മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പിന് (മുത്തൂറ്റ് ബ്ലൂ) കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് മുത്തൂറ്റ് റിസ്ക് ഇൻഷുറൻസ് ആൻഡ് ബ്രോക്കിംഗ് സർവീസസ്.

പുതിയ ഹെഡ് ഓഫീസിന്റെ ഉദ്ഘാടനം മുഖ്യാതിഥിയായ ഭീമ ജൂവലേഴ്സ് ചെയർമാൻ ഡോ. ബി. ഗോവിന്ദൻ നിർവഹിച്ചു. ചടങ്ങിൽ മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പ് ചെയർമാൻ തോമസ് ജോൺ മുത്തൂറ്റ്, ഡയറക്ടർ പ്രീതി ജോൺ മുത്തൂറ്റ്, മുത്തൂറ്റ് റിസ്ക് ഇൻഷുറൻസ് ആൻഡ് ബ്രോക്കിംഗ് സർവീസസ് സി ഇ ഒ ശ്രീറാം കുമാർ, മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് സി ഇ ഒ ഷാജി വർഗീസ്, മുത്തൂറ്റ് റിസ്ക് ഇൻഷുറൻസ് ആൻഡ് ബ്രോക്കിംഗ് സർവീസസ് ജനറൽ ഇൻഷുറൻസ് മേധാവി മനോജ് വർഗീസ്, ലൈഫ് ഇൻഷുറൻസ് മേധാവി കെ എം പ്രതീപ്, വിവിധ ഇൻഷുറൻസ് കമ്പനികളിൽ നിന്നുള്ള മുതിർന്ന ഉദ്യോഗസ്ഥർ തുടങ്ങിയർ സംബന്ധിച്ചു.

'ഞങ്ങളുടെ പുതിയ, അത്യാധുനിക ഹെഡ് ഓഫീസ് തിരുവനന്തപുരത്ത് ആരംഭിക്കുന്നതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്. ഈ മേഖലയിൽ ഉടനീളമുള്ള ഉപഭോക്താക്കളുമായി ഞങ്ങളെ കൂടുതൽ അടുപ്പിക്കുന്നതിനായി ഓഫീസുകൾ വിപുലീകരിക്കാൻ ഞങ്ങൾക്ക് പദ്ധതിയുണ്ട്. ഉപഭോക്താക്കൾക്ക് ഞങ്ങൾ നൽകി വരുന്ന സേവനങ്ങളുടെ മികവ് വർധിപ്പിക്കുന്നതിനുള്ള നിരന്തരമായ പ്രതിബദ്ധതയുടെ തെളിവാണ് പുതിയ ഓഫീസ്. റീട്ടെയിൽ ഉപഭോക്താക്കൾ, വാഹന ഡീലർമാർ, നോൺ ബാങ്കിങ് ഫിനാൻസ് സ്ഥാപനങ്ങൾ, കോർപ്പറേറ്റ് ഉപഭോക്താക്കൾ എന്നിവർക്കായി ലൈഫ്, വാഹന, ആരോഗ്യ, ഗ്രാറ്റുവിറ്റി, പെൻഷൻ, വ്യാവസായിക മേഖലകളിലെ എല്ലാ ഇൻഷുറൻസ് ഉൽപ്പന്നങ്ങളും പ്രദാനം ചെയ്യുന്നതിൽ ഞങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് തുടരും,' മുത്തൂറ്റ് റിസ്ക് ഇൻഷുറൻസ് ആൻഡ് ബ്രോക്കിംഗ് സർവീസസ് സി ഇ ഒ ശ്രീറാം കുമാർ പറഞ്ഞു.

'ഇന്നത്തെ ലോകത്തിൽ ഇൻഷുറൻസ് അനിവാര്യമാണ്. സവിശേഷമായും, സാധാരണ ജനസമൂഹത്തിന് അതൊരു അത്യാവശ്യമാണ്. ഞങ്ങളുടെ ഉപഭോക്താക്കൾക്ക് ഇൻഷുറൻസ് സേവനങ്ങൾ സുഗമമായി ലഭ്യമാക്കുക എന്നതാണ് മുത്തൂറ്റ് റിസ്ക് ഇൻഷുറൻസ് ആൻഡ് ബ്രോക്കിംഗ് സർവീസസിന്റെ ലക്ഷ്യം. യോഗ്യരും അനുഭവപരിചയവുമുള്ളവരുമായ പ്രൊഫഷണലുകൾ അടങ്ങുന്ന ഞങ്ങളുടെ ടീമും, വിപുലമായ സാന്നിധ്യവും പ്രയോജനപ്പെടുത്തി സാധാരണക്കാരന്റെ സാമ്പത്തിക സുസ്ഥിരത ഉറപ്പാക്കിക്കൊണ്ട്, മികവോടെയാണ് ഞങ്ങളുടെ സേവനങ്ങൾ ലഭ്യമാക്കുന്നത്,' മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പ് ചെയർമാൻ തോമസ് ജോൺ മുത്തൂറ്റ് പറഞ്ഞു.

# ശ്വാസകോശ പ്രശ്നം: പരിഹാരത്തിന് നെബുലൈസറുകൾ

**കൊച്ചി:** ജപ്പാനിലെ ഒമ്റോൺ ഹെൽത്ത്കെയർ കോർപ്പറേഷന്റെ അനുബന്ധ സ്ഥാപനവും ഹോം ഹെൽത്ത് മോണിറ്ററിംഗ് ഉപകരണങ്ങളുടെ മുൻനിര ദാതാക്കളുമായ ഒമ്റോൺ ഹെൽത്ത്കെയർ ഇന്ത്യയ്ക്ക് ശ്വാസകോശ സംബന്ധമായ പ്രശ്ന പരിഹാരത്തിനും കുട്ടികളിലെ രോഗ നിയന്ത്രണം മെച്ചപ്പെടുത്തുന്നതിനുമായി നെബുലൈസറുകൾ പുറത്തിറക്കി. ശ്വാസകോശത്തിനുള്ള മരുന്നുകളുടെ വേഗത്തിലുള്ള ഡെലിവറിയിലെ കൃതൃത കാരണം, ആസ്ത്മ, സിഒപിഡി തുടങ്ങിയ ശ്വാസകോശ സംബന്ധമായ അസുഖങ്ങൾ കൈകാര്യം ചെയ്യുന്നതിൽ നെബുലൈസറുകൾക്ക് ഒരു പ്രധാന പങ്ക് വഹിക്കാൻ കഴിയുമെന്ന് ഒമ്റോൺ ഹെൽത്ത്കെയർ ഇന്ത്യ മാനേജിംഗ് ഡയറക്ടർ (എംഡി) തെത്സുയ യമദ പറഞ്ഞു.

തീവ്രമായ വായു മലിനീകരണവും മറ്റ് ഘടകങ്ങളും കാരണം, ഏകദേശം 100 ദശലക്ഷം ആളുകൾ ശ്വാസകോശ സംബന്ധമായ അസുഖങ്ങൾ അനുഭവിക്കുന്നു.

ഇന്ത്യയിൽ മാത്രം വർധിച്ചുവരുന്ന ആസ്ത്മ സംബന്ധമായ മരണങ്ങളുടെ പ്രവണത പ്രത്യേകിച്ചും ആശങ്കാജനകമാണ്.

1990ൽ ആസ്ത്മ ബാധിച്ച് മരിച്ചവരുടെ എണ്ണം ഏകദേശം 1,50,000 ആയിരുന്നു, എന്നാൽ ഇപ്പോൾ അത് 200,000 കവിഞ്ഞുവെന്നും തെത്സുയ യമദ പറഞ്ഞു.

# എച്ച്എംഡി 105, എച്ച്എംഡി 110 ക്യാമ്പയിൻറെ മുഖമായി ജിമ്മി ഷെർഗിൽ



**കൊച്ചി:** ഹ്യൂമൻ മൊബൈൽ ഡിവൈസിന്റെ (എച്ച്എംഡി) പുതിയ ഫീച്ചർ ഫോണുകളായ എച്ച്എംഡി 105, എച്ച്എംഡി 110 എന്നിവയുടെ പുതിയ ക്യാമ്പയിനിന്റെ മുഖമായി പ്രമുഖ നടനും നിർമാതാവുമായ ജിമ്മി ഷെർഗിൽ എത്തുന്നു.ഔട്ട് ഓഫ് ഹോം അഡ്വെർടൈസിങ്, സോഷ്യൽ മീഡിയ, ഡിജിറ്റൽ എന്നിവയിലൂടെ നടത്തുന്ന എച്ച്എംഡി 105, എച്ച്എംഡി 110 ഖൂബ് ചലേഗ 360ഡിഗ്രി ക്യാമ്പയിനിലാണ് ഹിന്ദി, പഞ്ചാബി സിനിമാ വ്യവസായത്തിൽ നിന്ന് ഏറെ പ്രശംസ നേടിയ നടൻ ജിമ്മി ഷെർഗിൽ പ്രത്യക്ഷപ്പെടുക.ദശലക്ഷക്കണക്കിന് ഇന്ത്യക്കാരെ വിശ്വസനീയവും നൂതനവുമായ ആശയവിനിമയ ഉപകരണങ്ങളുമായി ബന്ധിപ്പിക്കുന്നതിനുള്ള എച്ച്എംഡിയുടെ ദൗത്യത്തിലെ സുപ്രധാന നാഴികക്കല്ലാണ് ജിമ്മി ഷെർഗിലുമായുള്ള ഈ സഹകരണം.എച്ച്എംഡി 105, എച്ച്എംഡി 110 ഖൂബ് ചലേഗ ക്യാമ്പയിനിൻറെ മുഖമായി ജിമ്മി ഷെർഗിലിനെ സ്വാഗതം ചെയ്യുന്നതിൽ സന്തോഷമുണ്ടെന്ന് എച്ച്എംഡി ഇന്ത്യ ആൻഡ് എപിഎസി വൈസ് പ്രസിഡൻറ് രവി കുൻവാർ പറഞ്ഞു. ഇന്ത്യയിലുടനീളമുള്ള പ്രേക്ഷകരുമായുള്ള അദ്ദേഹത്തിൻറെ ബന്ധം എല്ലാവർക്കും വിശ്വസനീയമായ മൊബൈൽ അനുഭവങ്ങൾ നൽകാനുള്ള തങ്ങളുടെ പ്രതിബദ്ധതയുമായി തികച്ചും യോജിക്കുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ഹ്യൂമൻ മൊബൈൽ ഡിവൈസുമായി സഹകരിക്കാൻ കഴിഞ്ഞതിൽ ഏറെ സന്തുഷ്ടനാണെന്നും ഫീച്ചർ ഫോണുകൾക്ക് പേരുകേട്ടതും, എൻറെ മൂല്യങ്ങളുമായി തികച്ചും പ്രതിധ്വനിക്കുന്നതുമായ ബ്രാൻഡാണ് എച്ച്എംഡിയെന്നും ജിമ്മി ഷെർഗിൽ പറഞ്ഞു.

# മഹീന്ദ്രയുടെ പുതിയ എസ്യുവി ഥാർ റോക്സ്

**കൊച്ചി:** ഇന്ത്യയിലെ മുൻനിര എസ്യുവി നിർമാതാക്കളായ മഹീന്ദ്ര ആൻഡ് മഹീന്ദ്ര ലിമിറ്റഡ്, കമ്പനിയുടെ ഏറ്റവും പുതിയ എസ്യുവിയുടെ ബ്രാൻഡ് നാമം പ്രഖ്യാപിച്ചു. ഥാർ റോക്സ് എന്ന പേരിലായിരിക്കും പുതിയ എസ്യുവി പുറത്തിറങ്ങുക. ഓട്ടോമോട്ടീവ് വ്യവസായത്തിൽ പുതിയ മാനദണ്ഡങ്ങൾ സ്ഥാപിച്ചും, ആധികാരിക എസ്യുവികളുടെ നിർമാതാവ് എന്ന സ്ഥാനം കൂടുതൽ അരക്കെട്ടുറപ്പിച്ചുമാണ് മഹീന്ദ്രയുടെ ഏറ്റവും പുതിയ വാഗ്ദാനമായ ഥാർ റോക്സ് എത്തുന്നത്. ആഗസ്റ്റ് 15ന് സ്വാതന്ത്ര്യ ദിനത്തിൽ ഥാർ റോക്സ് വിപണിയിലെത്തും. അത്യാധുനികത, പ്രകടനം, സുരക്ഷ, സാങ്കേതികവിദ്യ എന്നിവയുടെ സമാനതകളില്ലാത്ത സംയോജനം രൂപകൽപന വാഗ്ദാനം ചെയ്ത് ഥാർ റോക്സ്.

വ്യത്യസ്തമായ രൂപകൽപന, പ്രീമിയം ക്വാഷൻറ്, നൂതന സാങ്കേതികവിദ്യ, മെച്ചപ്പെടുത്തിയ പ്രകടനം, സുരക്ഷ എന്നിവയോടെയാണ് പുതിയ ഥാർ റോകസ് എസ്യുവി എത്തുന്നതെന്ന് മഹീന്ദ്ര ആൻഡ് മഹീന്ദ്ര ലിമിറ്റഡ് ഓട്ടോമോട്ടീവ് സെക്ടർ പ്രസിഡൻറ് വീജയ് നക്ര പറഞ്ഞു. ഒരു റോക്ക്സ്റ്റാറിൻറെ ജീവിതത്തേക്കാൾ വലിയ വ്യക്തിത്വത്തെ പ്രതിനിധീകരിക്കുന്ന ഥാർ റോക്സ് എസ്യുവി വിഭാഗത്തിൻറെ അതിരുകൾ ഭേദിക്കുമെന്നും അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.

# ആഗോള മില്യൺ ഡോളർ റൗണ്ട് ടേബിൾ റാങ്കിങ്: ആറാമതെത്തി ടാറ്റാ എഐഎ

**തൃശൂർ:** ഇന്ത്യയിലെ മുൻനിര ലൈഫ് ഇൻഷ്വറൻസ് കമ്പനികളിലൊന്നായ ടാറ്റാ എഐഎ ലൈഫ് ഇൻഷ്വറൻസ് 2024 വർഷത്തേക്കുള്ള ആഗോള മില്യൺ !ഡോളർ റൗണ്ട് ടേബിൾ (എംഡിആർടി) റാങ്കിങ്ങിൽ ആറാം സ്ഥാനം നേടി. 2584 രജിസ്ട്രേഡ് എംഡിആർടി ലൈഫ് ഇൻഷ്വറൻസ് അഡ്വൈസർമാരുമായി കമ്പനി ഇന്ത്യയിൽ ഏറ്റവും മുന്നിലാണ്. എംഡിആർടി യോഗ്യത നേടിയ 1238 വനിതാ അഡ്വൈസർമാരുമായി കമ്പനി ഇന്ത്യയിൽ ഒന്നാം സ്ഥാനത്തും ആഗോള തലത്തിൽ ഏഴാം സ്ഥാനത്തുമാണ്.തുടർച്ചയായി രണ്ടാമത്തെ വർഷവും ഇന്ത്യയിൽ ഏറ്റവും കൂടുതൽ എംഡിആർടി അംഗങ്ങളുള്ള സ്ഥാപനമായും ആഗോള തലത്തിൽ ആറാം സ്ഥാനത്തുള്ള സ്ഥാപനമായും മാറാനായത് തങ്ങൾക്ക് അതീവ അഭിമാനമാണു നല്കുന്നതെന്ന് ടാറ്റാ എഐഎ പ്രൊപ്പ്രൈറ്ററി ബിസിനസ് ചീഫ് ഡിസ്ട്രിബ്യൂഷൻ ഓഫിസർ അമിത് ദാവേ പറഞ്ഞു.

സൊസൈറ്റി ടുഡേ
SOCIETY TODAY



# കൗതുകമായി അസ്ഥിരോഗ വിദഗ്ധരുടെ കലാവിരുന്ന്

**കൊച്ചി:** ശാസ്ത്ര സമ്മേളങ്ങളിൽ നിന്നും വ്യത്യസ്തമായി കലയും സാംസ്കാരിക പരിപാടികളും ഒരുക്കിയുള്ള ഒരു ഒത്തുചേരലിന് കളമൊരുക്കി.ഐഎംഎ ഹൗസിൽ കേരള ഓർത്തോപീഡിക് അസോസിയേഷന്റെ (കെഒഎ) സംഘടിപ്പിച്ച 'ഓസ്റ്റിയോബ്ലാസ്റ്റ് 2024' കൗതുകമായി. കൊച്ചിൻ ഓർത്തോപീഡിക് സൊസൈറ്റി (സിഒഎസ്) ആണ് രണ്ട് ദിവസത്തെ പരിപാടിക്ക് ആതിഥേയത്വം വഹിച്ചത്.ഉദ്ഘാടന ചടങ്ങിൽ സി ഒ എസ്, കെ ഒ എസ് എന്നിവയുടെ ഭാരവാഹികൾക്കൊപ്പം കുടുംബാംഗങ്ങളും പങ്കെടുത്തു.

സിനിമ താരവും നർത്തകിയുമായ ഉത്തര ഉണ്ണി സമ്മേളനം ഉദ്ഘാടനം ചെയ്തു. കെഒഎ പ്രസിഡന്റ് ഡോ.അനീൻ നമ്പിക്കുട്ടി, കെഒഎ സെക്രട്ടറി ഡോ ആന്റണി ജോസഫ് തോപ്പിൽ,സിഒഎസ് പ്രസിഡന്റ് ഡോ. ജോൺ. ടി. ജോൺ, സെക്രട്ടറി ഡോ ജിസ് ജോസഫ് പനക്കൽ , മറ്റ് ഭാരവാഹികളായ ഡോ ജിജു എ നുമാൻ, ഡോ ജോയ്സ് വർഗീസ് എംജെ, ഡോ ഫാജിഷ് ഫറൂഖ് എന്നിവർ സംസാരിച്ചു.

മ്യൂസിക്കൽ തിയേറ്റർ, സംഗീത മേളകൾ, ഷോർട്ട് ഫിലിമുകൾ, സ്പോട്ട് ഡാൻസ് എന്നിവയുൾപ്പെടെ ഓൺസ്റ്റേജ് മത്സരങ്ങൾ നടന്നു. പുതുതായി ആരംഭിച്ച മ്യൂസിക് ബാൻഡിന്റെ അരങ്ങേറ്റവും കെഒഎ അംഗങ്ങളും കുടുംബാംഗങ്ങളും പങ്കെടുത്ത ഫാഷൻ ഷോയും ആകർഷകമായി.സ്റ്റേജിതര മത്സരങ്ങളായി ചിത്രരചന, പെയിന്റിംഗ് മത്സരങ്ങൾ, ഫോട്ടോഗ്രാഫി മത്സരം, ഇംഗ്ലീഷിലും മലയാളത്തിലും ചെറുകഥകവിത രചന എന്നിവയും സംഘടിപ്പിച്ചു. കൊച്ചിൻ ഓർത്തോപീഡിക് സൊസൈറ്റി ഓസ്റ്റിയോബ്ലാസ്റ്റ് 2024ന്റെ ഓവറോൾ ചാമ്പ്യന്മാരായി. തൃശൂർ ഓർത്തോപീഡിക് സൊസൈറ്റി രണ്ടാം സ്ഥാനം കരസ്ഥമാക്കി

ചടങ്ങിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 160ലധികം അസ്ഥിരോഗ വിദഗ്ധരും കുടുംബാംഗങ്ങളും പങ്കെടുത്തു.

# അതിവേഗ പേഴ്സനൽ ലോൺ സേവനവുമായി മിരായ് അസറ്റ്

**കൊച്ചി:** ബാങ്കിതര ധനകാര്യ കമ്പനിയായ മിരായ് അസറ്റ് ഫിനാൻഷ്യൽ സർവീസസ് മാസവേതനക്കാർക്ക് അതിവേഗ പേഴ്സനൽ ലോൺ സേവനം അവതരിപ്പിച്ചു. അപേക്ഷ സമർപ്പിക്കൽ മുതൽ വായ്പാ അനുമതി നേടുന്നതു വരെ എല്ലാ നടപടികളും 10 മിനിറ്റിനകം ഓൺലൈനായി പൂർത്തിയാക്കാവുന്ന സൗകര്യമുണ്ടെന്ന് കമ്പനി അധികൃതർ അറിയിച്ചു. കമ്പനിയുടെ വെബ്സൈറ്റിലും മൊബൈൽ ആപ്പിലും ഈ സേവനം ലഭ്യമാണ്. യോഗ്യതാ മാനദണ്ഡങ്ങളനുസരിച്ച് അപേക്ഷകർക്ക് 75,000 രൂപ മുതൽ അഞ്ച് ലക്ഷം രൂപ വരെ വ്യക്തിഗത വായ്പയായി ലഭിക്കും. 14 ശതമാനമാണ് പലിശ നിരക്ക്. ആറു മാസം മുതൽ 48 മാസം വരെ ഇഷ്ടാനുസരണം വായ്പാ കാലാവധി തിരഞ്ഞെടുക്കാം. മാസം 25000 രൂപയ്ക്കു മുകളിൽ ശമ്പളമുള്ളവർക്കാണ് ഈ വായ്പ അനുവദിക്കുക. ചുരുങ്ങിയത് ഒരു വർഷത്തെ തൊഴിൽ പരിചയവും ക്രെഡിറ്റ് സ്കോർ 700 ഉം ഉണ്ടായിരിക്കണം.

# കോസ്റ്റൽ മൾട്ടിമോഡൽ ലോജിസ്റ്റിക് ഉച്ചകോടി ഓഗസ്റ്റ് 9ന് കൊച്ചിയിൽ

**കൊച്ചി:** ഇന്ത്യ സീട്രേഡ് സംഘടിപ്പിക്കുന്ന കോസ്റ്റൽ മൾട്ടിമോഡൽ ലോജിസ്റ്റിക് ഉച്ചകോടി ഓഗസ്റ്റ് 9ന് കൊച്ചിയിൽ. ഇന്ത്യയുടെ തീരദേശ മൾട്ടിമോഡൽ ലോജിസ്റ്റിക്സ് മേഖല വികസിപ്പിക്കുന്നതിലെ അവസരങ്ങളും വെല്ലുവിളികളും ചർച്ച ചെയ്യുന്ന ഉച്ചകോടിയിൽ സർക്കാർ, സ്വകാര്യ മേഖലകളിലെ മുതിർന്ന ഉദ്യോഗസ്ഥർ പങ്കെടുക്കും.

ഉച്ചകോടിയിൽ തുറമുഖ, ഷിപ്പിംഗ്, ജലപാത മന്ത്രാലയം അഡീഷണൽ സെക്രട്ടറി രാജേഷ് കുമാർ സിൻഹ, ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗ് ശ്യാം ജഗന്നാഥൻ, ഗുജറാത്ത് മാരിടൈം ബോർഡ വൈസ് ചെയർമാനും സി.ഇ.ഒയുമായ രാജ് കുമാർ ബെനിവാൾ, പാരാദീപ് തുറമുഖ അതോറിറ്റി ഡെപ്യൂട്ടി ചെയർമാൻ നിലബര ദാസ്ഗുപ്ത, വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർഡോ ദിവ്യ എസ് അയ്യർ, കൊച്ചിൻ പോർട്ട് അതോറിറ്റി ചെയർമാൻ ബി. കാശിവിശ്വനാഥൻ, കൊച്ചി കസ്റ്റംസ് കമ്മീഷണർ ഗൂർകരൻ സിംഗ് ബെയിൻസ്, കേരള മാരിടൈം ബോർഡ് ചെയർമാൻ എൻ.എസ്. പിള്ള, കണ്ടെയ്നർ കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് എക്സിക്യൂട്ടീവ് കുമാർ ദാസ് തുടങ്ങി ഈ മേഖലയിലെ നിരവധി പ്രമുഖർ ഉച്ചകോടിയിൽ പങ്കെടുക്കും. ഇന്ത്യ സീട്രേഡ് സംഘടിപ്പിക്കുന്ന കോസ്റ്റൽ മൾട്ടിമോഡൽ ലോജിസ്റ്റിക് ഉച്ചകോടിയുടെ പത്താം പതിപ്പ് ഈ മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ പ്രായോഗികവും ബദൽ ഗതാഗത മാർഗ്ഗവും ചർച്ച ചെയ്യും.

# ദക്ഷിണേന്ത്യയിലെ പ്രഥമ സോഷ്യൽ ഇന്നൊവേഷൻ ഉച്ചകോടിക്ക് കൊച്ചിയിൽ തുടക്കമാകുന്നു

**കൊച്ചി:** ദക്ഷിണേന്ത്യയിലെ പ്രഥമ സോഷ്യൽ ഇന്നൊവേഷൻ ഉച്ചകോടിക്ക് കൊച്ചി വേദിയാകുന്നു. ഈ മാസം 26, 27 തീയ്യതികളിൽ ലേ മെറിഡിയനിൽ വെച്ചാണ് ഉച്ചകോടി സംഘടിപ്പിക്കുക. സമൂഹത്തിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് വേണ്ടി നവീനമായ ആശയങ്ങൾ വിഭാവനം ചെയ്തു നടപ്പിലാക്കുന്നതിന് സന്നദ്ധ സംഘടനകളെ സംയോജിപ്പിച്ചു കൊണ്ട് അവർക്ക് വേണ്ടുന്ന ബോധവല്ക്കരണവും പരിശീലനവും നൽകുക എന്നതാണ് ഉച്ചകോടി ലക്ഷ്യമിടുന്നത്.നാഷണൽ എൻ ജി ഒ കോൺഫെഡറേഷന്റെ ആഭിമുഖ്യത്തിൽ ഹൈഫിക്ക് കൺസൾട്ടൻസി സർവീസസ്പ്രൈവറ്റ് ലിമിറ്റഡിന്റെ (ഒകഎകഇ) നേതൃത്വത്തിലാണ് ഉച്ചകോടി സംഘടിപ്പിക്കുന്നത്.

രണ്ട് ദിവസങ്ങളിലായി ആയിരത്തോളം സന്നദ്ധ സംഘടനാ പ്രതിനിധികൾ പങ്കെടുക്കുന്ന ഉച്ചകോടിയിൽ സി എസ് ആർ ധനസമാഹരണം, സാമൂഹിക സ്റ്റാർട്ടപ്പുകൾ സമീപിക്കേണ്ട രീതികൾ തുടങ്ങി വിവിധ വിഷയങ്ങളിൽ വിദഗ്ധർ ക്ലാസുകൾ നയിക്കും. വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ്,എറണാകുളം എംപി ഹൈബി ഈഡൻ, ടി. ജെ വിനോദ് എംഎൽഎ, നാഷണൽ എൻജിഒ




കോൺഫെഡറേഷൻ ചെയർമാൻ കെ. എൻ ആനന്ദകുമാർ, നാഷണൽ എൻ. ജി. ഒ കോൺഫെഡറേഷൻ അഡ്വൈസറി ചെയർമാൻ ജസ്റ്റിസ്. സി. എൻ രാമചന്ദ്രൻ നായർ, കോഡിനേറ്റർ അനന്തു കൃഷ്ണൻ, പ്രൊഫസർ ശിവൻ അമ്പാട്ട് (എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ, അഹമ്മദാബാദ്)സമ്പത്ത് കുമാർ (സി എസ് ആർ ഹെഡ് കൊച്ചിൻ ഷിപ്യാർഡ്) റോബിൻ തോമസ് (മാനേജർ ഫൗണ്ടേഷൻ) ൃ. അനിൽ ബാലകൃഷ്ണൻ (സി എസ് ആർ ഹെഡ് അദാനി ഫൗണ്ടേഷൻ) സുനിൽ ബാലകൃഷ്ണൻ ( ചീഫ് വാല്യൂ ഓഫീസർ, യു. എസ്. റ്റി. ഗ്ലോബൽ) എന്നിവർ പങ്കെടുക്കും.

സാമൂഹിക സംരംഭങ്ങളെ ശക്തിപ്പെടുത്തുന്നതിന് ഉതകുന്ന നൂതനമായ സമീപനങ്ങൾ, സാമൂഹിക സ്റ്റാർട്ടപ്പുകളെ ശാക്തീകരിക്കേണ്ട വിധം, സുസ്ഥിര സ്വാധീനത്തിനായുള്ള കോർപ്പറേറ്റ് എൻജി ഒ സഹകരണം, നോൺപ്രോഫിറ്റ് സംഘടനകൾക്ക് ധനസമാഹരണത്തിനു വേണ്ടതായ പുതിയ ട്രെൻഡുകൾ തുടങ്ങി വിവിധ വിഷയങ്ങളിൽ ഉച്ചകോടിയുടെ ഭാഗമായി പ്രത്യേക സെഷനുകൾ ഉണ്ടാകും. ഇതിനു പുറമേ, കോളേജ് വിദ്യാർത്ഥികൾക്കായി സാമൂഹിക സംരംഭകത്വത്തിന് വേണ്ടുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങുന്ന പ്രത്യേക സെഷനും ഉച്ചകോടിയുടെ ഭാഗമായി ഉണ്ടാകും.

27 ശനിയാഴ്ച വൈകിട്ട് നടക്കുന്ന സമാപന സമ്മേളനം ബഹു. വ്യവസായ മന്ത്രി പി രാജീവ് ഉദ്ഘാടനം ചെയ്യും. ഹൈക്കോടതിയിലെ മുതിർന്ന അഭിഭാഷക ലാലി വിൻസെന്റ് ചടങ്ങിൽ സംബന്ധിക്കും.



# ഡോ അരുൺ ഉമ്മന് ഭാരത് ഗൗരവ് സമ്മാൻ



**കൊച്ചി:** പൊതുജനാരോഗ്യ ബോധവൽക്കരണം, മയക്കുമരുന്ന് ആസക്തി ബോധവൽക്കരണം, രാജ്യത്തെ പൊതുജനാരോഗ്യ പുരോഗതിക്ക് നൽകിയ മഹത്തായ സംഭാവനകൾ എന്നിവ കണക്കിലെടുത്ത് കേരളത്തിലെ കൊച്ചി വിപിഎസ് ലേക്ഷോർ ഹോസ്പിറ്റലിലെ ന്യൂറോ സർജൻ ഡോ.അരുൺ ഉമ്മന് 'ഭാരത് ഗൗരവ് സമ്മാന്' നൽകി ആദരിച്ചു.

അസോസിയേഷൻ ഓഫ് പ്രൈവറ്റ് ഇൻസ്റ്റിറ്റ്യൂഷൻസ് ആൻഡ് എജ്യുക്കേറ്റർസ്, ഇന്ത്യ ആണ് അവാർഡ് ഏർപ്പെടുത്തിയത്. മുംബൈയിൽ വച്ചായിരുന്നു അവാർഡ് ദാന ചടങ്ങ്.ആരോഗ്യ സംബന്ധിയായ പൊതുജന ബോധവൽക്കരണത്തിനായി വിവിധ പ്ലാറ്റ്ഫോമുകളിൽ ഡോ അരുൺ ഉമ്മൻ വളരെയധികം സംഭാവനകൾ നൽകിയിട്ടുണ്ട്. കൂടാതെ സൗജന്യ ഭക്ഷണ വിതരണം, ഓട്ടിസം ബാധിച്ച കുട്ടികൾക്ക് പിന്തുണ, മാനസികവും ശാരീരികവുമായ വൈകല്യമുള്ളവർക്കുള്ള പിന്തുണ, സൗജന്യ മെഡിക്കൽ ക്യാമ്പുകൾ തുടങ്ങി നിരവധി സാമൂഹിക പ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്നു.വിപിഎസ് ലേക്ഷോർ ആശുപത്രിയിലെ കാൻസർ സ്പെഷ്യലിസ്റ്റ് ഡോ. റോജ ജോസഫാണ് ഭാര്യ. അദ്ദേഹത്തിന് ഏഥൻ, എയ്ഡൻ എന്നീ 2 മക്കളുണ്ട്.

# ചാർട്ടേഡ് ടോസ്റ്റ് മാസ്റ്റേഴ്സ് സാരഥികൾ സ്ഥാനമേറ്റു




വിജയ് കൃഷ്ണൻ, മനു ജോസഫ്

**കൊച്ചി:** ചെറായി ക്ലബ് മഹിന്ദ്ര റിസോർട്ടിൽ നടന്ന കുടുംബ സംഗമത്തിൽ 2024-25 വർഷത്തെ ഭാരവാഹികൾ സ്ഥാനം ഏറ്റെടുത്തു. പ്രസിഡന്റ് വിജയ് കൃഷ്ണൻ, വൈസ് പ്രസിഡന്റ് എഡ്യൂക്കേഷൻ സെബി ജോർജ്, വൈസ് പ്രസിഡന്റ് മെമ്പർഷിപ് ആൻസൻ, വൈസ് പ്രസിഡന്റ് പബ്ലിക് റിലേഷൻ ശ്രീലാൽ, സെക്രട്ടറി മനു ജോസഫ്, ട്രഷറർ റോബിൻ ജോസഫ്, സെർജന്റ് സുനോജ് സാന്നി. സ്ഥാനം ഒഴിയുന്ന പ്രസിഡന്റ് ചെറിയാൻ ഇആധ്യക്ഷനായ ചടങ്ങു അസിസ്റ്റന്റ് ഡയറക്ടർ ജിതിൻദാസ് ഉൽഘാടനം ചെയ്തു. ടോസ്റ്റ് മാസ്റ്റേഴ്സ് ഡിവിഷൻ ഡയറക്ടർ രജത് സന്തോഷ്, രമേശ് നായ്ക്, മനു ജോസഫ്, ലൂക്കോസ് ജോസഫ്, സുനോജ് സാന്നി എന്നിവർ പ്രസംഗിച്ചു. തുടർന്ന് കുടുംബാംഗങ്ങളുടെ വിവിധ കലാപരിപാടികൾ ഉണ്ടായിരുന്നു

# ഇൻഫോഗെയ്ൻ സെയിൽസ്ഫോഴ്സ് ഇംപാക്റ്റീവിനെ ഏറ്റെടുക്കുന്നു

**കൊച്ചി :**സിലിക്കൺ വാലി ആസ്ഥാനമായുള്ള ഡിജിറ്റൽ കസ്റ്റമർ എക്സ്പീരിയൻസ് എഞ്ചിനീയറിംഗിലെ മുൻനിരയിലുള്ള ഇൻഫോഗെയ്ൻ, ന്യൂജേഴ്സി ആസ്ഥാനമായുള്ള സമ്മിറ്റ് ലെവൽ സെയിൽസ്ഫോഴ്സ് കൺസൾട്ടിംഗ് സേവന സ്ഥാപനമായ ഇംപാക്റ്റീവിനെ ഏറ്റെടുക്കുന്നതായി പ്രഖ്യാപിച്ചു.

ഇൻഫോഗെയ്ൻന്റെ ഇത ഡിസൈൻ, പ്ലാറ്റ്ഫോം എഞ്ചിനീയറിംഗ് കഴിവുകൾ എന്നിവയ്ക്കൊപ്പം സെയിൽസ്ഫോഴ്സ് മൾട്ടിക്ലൗഡ് നടപ്പാക്കലുകളിലും പ്ലാറ്റ്ഫോമുകളിലും സെയിൽസ്ഫോഴ്സ് ആക്സിലറേറ്ററുകളിലും സർട്ടിഫൈഡ് ടീമിലും ഇംപാക്റ്റീവിന്റെ ആഴത്തിലുള്ള വൈദഗ്ദ്ധ്യം, മികച്ച ഇൻക്ലാസ് ഉപഭോക്തൃ അനുഭവ സൊല്യൂഷനുകൾ നൽകിക്കൊണ്ട് ഉപഭോക്താക്കളെ ഡിജിറ്റൽ സമ്പദ്വ്യവസ്ഥയെ നയിക്കാൻ സഹായിക്കുന്നതിന് സംയോജിത ബിസിനസിനെ പ്രാപ്തമാക്കും

# സപ്ലൈകോ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായി പി. ബി. നൂഹ് ചുമതലയേറ്റു

**കൊച്ചി:** സപ്ലൈകോ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായി പി. ബി. നൂഹ് ചുമതലയേറ്റു. ടൂറിസം വകുപ്പ് ഡയറക്ടറായി പ്രവർത്തിച്ചുവരികയായിരുന്നു.

ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കോഓപ്പറേറ്റീവ് സൊസൈറ്റി രജിസ്ട്രാർ, പത്തനംതിട്ട ജില്ലാ കലക്ടർ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. 2012 ബാച്ച് ഐഎഎസ് ഉദ്യോഗസ്ഥനായ പി ബി നൂഹ് മൂവാറ്റുപുഴ സ്വദേശിയാണ്.



**കേരള ദർശന വേദിയുടെ ആഭിമുഖ്യത്തിൽ ഇടപ്പള്ളിയിലെ ഗതാഗതക്കുരുക്ക് പരിഹരിക്കാൻ നടപടിയാവശ്യപ്പെട്ട് കേന്ദ്ര ഗതാഗത വകുപ്പ് മന്ത്രി നിതിൻ ഗഡ് കരിക്ക് നിവേദനം കൊടുക്കുന്നതിനായി ആരംഭിച്ച ഒപ്പു ശേഖരണന്റെ ഉദ്ഘാടനം ആദ്യം ഒപ്പിട്ട് ഐ.എസ്.എസ്.ഡി ചെയർമാൻ എൻ.വി തോമസ് നിർവ്വഹിക്കുന്നു., ടോമി മാത്യു, കുമ്പളം രവി, എ.പി മത്തായി എന്നിവർ സമീപം**

# ഇടപ്പള്ളിയിലെ ഗതാഗതകുരുക്ക് പരിഹരിക്കണം: കേരള ദർശന വേദിയുടെ നേതൃത്വത്തിൽ ഒപ്പു ശേഖരണം

**കൊച്ചി:** ഇടപ്പള്ളി ജംഗ്ഷനിൽ നേരിടുന്ന രൂക്ഷമായ ഗതാഗതകുരുക്ക് പരിഹരിക്കാൻ നടപടി സ്വീകരിക്കാത്തതിനെതിരെ പ്രതിഷേധവുമായി കേരള ദർശന വേദി രംഗത്ത്. പ്രശ്നം പരിഹരിക്കാൻ അടിയന്തര നടപടിയാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് നിവേദനം നൽകുന്നതിനായി കേരള ദർശന വേദിയുടെ നേതൃത്വത്തിൽ ഒപ്പു ശേഖരണം ആരംഭിച്ചു. ഒപ്പ് ശേഖരണത്തിന്റെ ഉദ്ഘാടനം വിദ്യഭ്യാസ രംഗത്തെ പ്രമുഖരായ ഐ.എസ്.എസ്.ഡിയുടെ ചെയർമാൻ എൻ.വി തോമസ് നിർവ്വഹിച്ചു. കേരള ദർശന വേദി സംസ്ഥാന ചെയർമാൻ എ.പി മത്തായി, ട്രഷറർ ടോമി മാത്യു, ജനറൽ സെക്രട്ടറി കുമ്പളം രവി എന്നിവർ പങ്കെടുത്തു. ഗതാഗത കുരുക്ക് പരിഹരിക്കാൻ കേന്ദ്ര ഗതാഗതവകുപ്പ് മന്ത്രി അടിയന്തര നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര ഗതാഗത വകുപ്പ് മന്ത്രി നിതിൻ ഗഡ്കരിക്ക് നിവേദനം നൽകുമെന്ന് കേരള ദർശന വേദി സംസ്ഥാന ചെയർമാൻ എ.പി മത്തായി പറഞ്ഞു. ഇടപ്പള്ളിയിലെ ഗതാഗതക്കുരുക്ക് പരിഹരിക്കാൻ സബ് വേ സംവിധാനം വഴി കഴിയുമെന്ന് മെട്രോമാൻ ഇ.ശ്രീധരൻ നിർദ്ദേശം നൽകിയിരുന്നു. ഇത് അംഗീകരിക്കാൻ അധികാരികൾ തയ്യാറാകണമെന്നും സബ് വേ സംവിധാനത്തിനൊപ്പം എലിവേറ്റഡ് ബൈപ്പാസ് എന്ന നിർദ്ദേശവും പരിഗണിക്കണമെന്നും ദർശന വേദി ആവശ്യപ്പെട്ടു. ഇതിനോടൊപ്പം വൈറ്റില, കുണ്ടന്നൂർ പാലാരിവട്ടം കവലകളിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കണമെന്നും സംഘടന ആവശ്യപ്പെട്ടു.

# സ്റ്റാർട്ടപ്പുകൾക്ക് പാക്കേജിംഗ് സർവീസ്: കെഎസ് യു എം-എച്ച്പി ധാരണ

**കൊച്ചി:** കേരള സ്റ്റാർട്ടപ്പ് മിഷന് (കെഎസ് യു എം) കീഴിലുള്ള സ്റ്റാർട്ടപ്പുകൾക്ക് ഡിജിറ്റൽ പാക്കേജിംഗ് ട്രെൻഡുകളെക്കുറിച്ചുള്ള മാർഗനിർദേശം ലഭ്യമാക്കുന്നതിനായി പ്രിന്റ് ആൻഡ് പേഴ്സണൽ സിസ്റ്റംസ് രംഗത്തെ മുൻനിര കമ്പനിയായ എച്ച്പി ഇന്ത്യ സെയിൽസ് പ്രൈവറ്റ് ലിമിറ്റഡുമായി ധാരണ.

കേരളത്തിലെ സ്റ്റാർട്ടപ്പുകളുടെ ഉത്പന്നങ്ങളും സേവനങ്ങളും ആകർഷകമായി അവതരിപ്പിക്കാൻ ഈ പങ്കാളിത്തം സഹായിക്കും. ഇതു സംബന്ധിച്ച ധാരണാപത്രത്തിൽ കെഎസ് യു എം സിഇഒ അനൂപ് അംബിക, എച്ച്പി ഇന്ത്യയുടെ ഇൻഡസ്ട്രിയൽ പ്രിന്റ് കൺട്രി മാനേജർ എ. അപ്പാദുരൈ എന്നിവർ ഒപ്പുവെച്ചു.കെഎസ് യു എമ്മും എച്ച്പിയും തമ്മിലുള്ള സഹകരണത്തിലൂടെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയിൽ നവീകരണവും സംരംഭകത്വവും പ്രോത്സാഹിപ്പിക്കാൻ ലക്ഷ്യമിടുന്നതായി ഇവർ വ്യക്തമാക്കി.പാക്കേജിംഗ് ഡിസൈൻ, ബ്രാൻഡിംഗ് എന്നിവ മെച്ചപ്പെടുത്തി ഉത്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് എച്ച് പി യുടെ മാർഗനിർദേശം സ്റ്റാർട്ടപ്പുകൾക്ക് സഹായകമാകും. പരിസ്ഥിതി സൗഹൃദ വസ്തുക്കൾ ഉപയോഗിച്ചുള്ള സുസ്ഥിര പാക്കേജിംഗ് രീതികൾ സ്വീകരിക്കാനും ഈ സഹകരണത്തിലൂടെ സാധ്യമാകും.സ്റ്റാർട്ടപ്പുകൾക്ക് മികച്ച വിപണി കണ്ടെത്താനുള്ള മാർഗനിർദേശങ്ങളും എച്ച് പി നൽകും. എച്ച് പി യുടെ ഇൻഡിഗോ സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിൻറെ നേട്ടങ്ങളെക്കുറിച്ച് സ്റ്റാർട്ടപ്പുകളെ ബോധവത്ക്കരിക്കുന്നതിനൊപ്പം ഇൻഡിഗോ പ്രിൻറ് സേവന ദാതാക്കളെ പരിചയപ്പെടാനും സാധിക്കും. ഐടി ഉ പ്പന്നങ്ങളുടെ വി പ്പനയിലും വിപണനത്തിലും ഐടി സംബന്ധിയായ സേവനങ്ങൾ ലഭ്യമാക്കുന്നതിലുമാണ് എച്ച്പി ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഡിജിറ്റൽ പ്രിൻറിംഗ് പ്രസ്സുകളുടെ ഇൻഡിഗോ ശ്രേണി ഉൾപ്പെടെയുള്ളവ പ്രധാന സേവനങ്ങളാണ്.എച്ച് പി യുടെ ഉത്പന്നങ്ങൾ സ്റ്റാർട്ടപ്പ് മിഷൻറെ സമ്മേളനങ്ങൾ, ശില്പശാലകൾ, വെബിനാറുകൾ, സെമിനാറുകൾ എന്നിവിടങ്ങളിൽ അവതരിപ്പിക്കാനും ധാരണയായിട്ടുണ്ട്.ധാരണാപത്രത്തിൻറെ കാലാവധി ഒരു വർഷമാണ്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# നിർമ്മാണ മേഖലയിൽ 35.4 ശതമാനം വിഹിതവുമായി എംഎസ്എംഇ

**ന്യൂ ഡൽഹി:** ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിൽ എംഎസ്എംഇ മേഖല 35.4 ശതമാനം അഖിലേന്ത്യാ ഉത്പാദനമെന്ന നേട്ടം കൈവരിച്ചതായി കേന്ദ്ര ധനകാര്യ, കോർപ്പറേറ്റ് കാര്യ മന്ത്രി നിർമല സീതാരാമൻപാർലമെന്റിൽ അവതരിപ്പിച്ച സാമ്പത്തിക സർവേ എടുത്തുകാണിക്കുന്നു.സർവേ പ്രകാരം, ഒരു തൊഴിലാളിയുടെ മൊത്ത മൂല്യവർദ്ധന (ഏഡഅ) 1,38,207 രൂപയിൽ നിന്ന് 1,41,769 രൂപയായും ഒരു സ്ഥാപനത്തിന്റെ മൊത്ത മൂല്യം (ഏഡഢ) 3,98,304 രൂപയിൽ നിന്ന് 4,63,389 രൂപയായും വർദ്ധിച്ചു. ഉത്പാദനക്ഷമതയും അധ്വാനവും കാര്യക്ഷമതയും വർധിച്ചുവെന്ന് സാരം.

2024 ജൂലൈ 5 വരെ 4.69 കോടി രജിസ്ട്രേഷനുകൾ ലഭിച്ച ഉദ്യം പോർട്ടലിന്റെ വിജയം, സ്വയം പ്രഖ്യാപനത്തെ അടിസ്ഥാനമാക്കി ലളിതവും ഓൺലൈനും സൗജന്യവുമായ രജിസ്ട്രേഷൻ പ്രക്രിയ ഉറപ്പാക്കി ഒടങ്ങളുകളെ ഔപചാരികമാക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നതായി സർവേ എടുത്തുകാണിക്കുന്നു. 2020–24 സാമ്പത്തിക വർഷം എംഎസ്എംഇകൾക്കുള്ള ഗ്യാരണ്ടികളുടെ അളവിലും എണ്ണത്തിലും ഗണ്യമായ വളർച്ചയുണ്ടായതായി സർവേ ചൂണ്ടിക്കാട്ടുന്നു. ചെലവ് ചുരുക്കി രണ്ട് ലക്ഷം രൂപ അധിക വായ്പ സൃഷ്ടിക്കാൻ കേന്ദ്ര ബജറ്റ് 202324 ക്രെഡിറ്റ് ഗ്യാരന്റി ഫണ്ട് ട്രസ്റ്റിന് 9,000 കോടി രൂപ ഇതിനായി അനുവദിച്ചു.

ഇന്ത്യയുടെ ഉത്പാദന ശേഷിയും കയറ്റുമതിയും വർദ്ധിപ്പിക്കുന്നതിനായി 14 പ്രധാന മേഖലകൾക്കായി 1.97 ലക്ഷം കോടി രൂപയുടെ ഉത്പാദനബന്ധിത പ്രോത്സാഹന (പിഎൽഐ) പദ്ധതികൾ പ്രഖ്യാപിച്ചു. 2024 മെയ് വരെ 1.28 ലക്ഷം കോടിയിലധികം നിക്ഷേപം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. 10.8 ലക്ഷം കോടിയുടെ ഉത്പാദന/വിപണനത്തിനും, 8.5 ലക്ഷത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഇത് കാരണമായി. വലിയ തോതിലുള്ള ഇലക്ട്രോണിക്സ് നിർമ്മാണം, ഫാർമസ്യൂട്ടിക്കൽസ്, ഭക്ഷ്യ സംസ്കരണം, ടെലികോം നെറ്റ്‌വർക്കിംഗ് ഉത്പന്നങ്ങൾ തുടങ്ങി ഗണ്യമായ സംഭാവനകളോടെ കയറ്റുമതി 4 ലക്ഷം കോടി രൂപ വർദ്ധിച്ചതായി സർവേ വ്യക്തമാക്കുന്നു.

# കുസാറ്റിൽ ശിൽപശാല സംഘടിപ്പിച്ചു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ അപ്ലൈഡ് എക്കണോമിക്സ് വിഭാഗവും, തിരുവനന്തപുരം, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റും ചേർന്ന് 'മെത്തേഡ്സ് ഇൻ സോഷ്യൽ റിസർച്ച് വിത്ത് ഫോക്കസ് ഓൺ ലേബർ സ്റ്റഡീസ്' എന്ന വിഷയത്തിൽ സമഗ്ര ശിൽപശാല സംഘടിപ്പിച്ചു.

തൊഴിൽ പഠനങ്ങളുടെ പശ്ചാത്തലത്തിൽ സാമൂഹിക ഗവേഷണ രീതികളുടെ ധാരണയും പ്രയോഗവും വർദ്ധിപ്പിക്കുക എന്നതായിരുന്നു ശിൽപശാലയുടെ ലക്ഷ്യം. ഗവേഷകർ, അക്കാദമിക വിദഗ്ധർ, വിദ്യാർത്ഥികൾ, അനുബന്ധ മേഖലകളിൽ നിന്നുള്ള പ്രൊഫഷണലുകൾ എന്നിവർക്ക് ഉപകാരപ്രദമായ വർക്ക്ഷോപ്പായിരുന്നു ഇത്.

കെ.ഐ.എൽ.ഇ ചെയർമാൻ കെ.എൻ.ഗോപിനാഥ് ഉദ്ഘാടനം ചെയ്ത ചടങ്ങിൽ കിരൺ ജെഎൻ സ്വാഗതവും അപ്ലൈഡ് ഇക്കണോമിക്സ് വിഭാഗം മേധാവി ഡോ. മനോജ് പി. കെ. അധ്യക്ഷതയും വഹിച്ചു.

പ്രാദേശികമായി അധിഷ്ഠിതമായ സമ്പദ്‌വ്യവസ്ഥയുടെ ആവശ്യകത ഊന്നിപ്പറഞ്ഞുകൊണ്ട് അദ്ദേഹം ഇപ്പോഴത്തെ കേന്ദ്ര ഗവൺമെന്റിന്റെ സ്വതന്ത്ര സമ്പദ്‌വ്യവസ്ഥയെ വിമർശിച്ചു.

ഗവേഷണ രീതികളിലും രീതിശാസ്ത്രത്തിലും ശ്രദ്ധ കേന്ദ്രീകരിച്ച പ്രഭാഷണമാണ് ഡോ. മാർട്ടിൻ പാട്രിക് നടത്തിയത്. ഈ മേഖലയിലെ ഗവേഷകർ നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് അദ്ദേഹം ചർച്ച ചെയ്തു.

തൊഴിൽ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നതിൽ സാമൂഹിക ഗവേഷണത്തിന്റെ നിർണായക പങ്കിനെ പറ്റി പറഞ്ഞ് കെ.ഐ.എൽ.ഇ റിസർച്ച് കോർ കമ്മിറ്റി ചെയർപേഴ്സൺ ഡോ. എസ്. കെ. ശശികുമാർ സെഷനുകൾ ആരംഭിച്ചു. ഡോ.പി.ആർ.സുരേഷ്, ഡോ. ശിഖ രമേഷ് എന്നിവർ ആശംസയും ഡോ.റഫീക്ക ബീവി നന്ദിയും പറഞ്ഞു.

# അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച 14 വയസുകാരന് രോഗമുക്തി

**കോഴിക്കോട്:** അമീബിക് മെനിഞ്ചോ എൻസെഫലൈറ്റിസ് (മസ്തിഷ്ക ജ്വരം) ബാധിച്ച് ചികിത്സയിലായിരുന്ന 14 വയസുകാരൻ രോഗമുക്തി നേടി. കോഴിക്കോട് മേലടി സ്വദേശിയായ കുട്ടിയ്ക്കാണ് രോഗം ഭേദമായത്. രാജ്യത്ത് തന്നെ അപൂർവമായാണ് അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ച ഒരാൾ രോഗമുക്തി നേടുന്നത്. ലോകത്ത് തന്നെ ഇത്തരത്തിൽ രോഗമുക്തി കൈവരിച്ചിട്ടുള്ളത് 11 പേർ മാത്രമാണ്. 97% മരണ നിരക്കുള്ള രോഗത്തിൽ നിന്നാണ് കുട്ടിയെ ജീവിതത്തിലേക്ക് തിരികെയെത്തിക്കാൻ സാധിച്ചത്. ഏകോപനത്തിനും ചികിത്സയ്ക്കും നേതൃത്വം നൽകിയ മുഴുവൻ ടീമിനേയും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു.

സംസ്ഥാനത്ത് അമീബിക് മസ്തിഷ്ക ജ്വരം റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ആരോഗ്യ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ യോഗം ചേർന്ന് പ്രത്യേക ജാഗ്രതാ നിർദ്ദേശങ്ങൾ നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ മേലടി പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ആരോഗ്യ പ്രവർത്തകർ കുട്ടിയുടെ രോഗ ലക്ഷണങ്ങൾ മസ്തിഷ്ക ജ്വരത്തിന്റേതാകാം എന്ന് സംശയം പ്രകടിപ്പിക്കുകയും അപകട സാധ്യതകൾ അറിയിക്കുകയും ചെയ്തു. അന്നേ ദിവസം തന്നെ കുട്ടിയ്ക്ക് അപസ്മാരം ഉണ്ടാകുകയും കോഴിക്കോടുള്ള സ്വകാര്യ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യുകയുമുണ്ടായി. കുട്ടിയ്ക്ക് വേണ്ടി ആരോഗ്യവകുപ്പ് ജർമ്മനിയിൽ നിന്ന് മിൽറ്റിഫോസിൻ മരുന്ന് പ്രത്യേകമായി എത്തിച്ച് നൽകുകയും ചെയ്തു. മൂന്നാഴ്ച നീണ്ട ചികിത്സയ്ക്കൊടുവിലാണ് രോഗമുക്തി നേടിയത്. നേരത്തെ തന്നെ രോഗം കണ്ടെത്താൻ സാധിച്ചതും, ലഭ്യമായ ചികിത്സകൾ മുഴുവനും കുട്ടിയ്ക്ക് ഉറപ്പ് വരുത്താൻ സാധിച്ചതും കൊണ്ടാണ് ഇത് കൈവരിക്കാൻ കഴിഞ്ഞത്.

സംസ്ഥാനത്ത് അമീബിക് മസ്തിഷ്ക ജ്വരം റിപ്പോർട്ട് ചെയ്തപ്പോൾ തന്നെ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കിയിരുന്നു. ജൂലൈ അഞ്ചാം തീയതി മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ പ്രത്യേക യോഗം കൂടുകയും, അപൂർവ രോഗമായ അമീബിക് മസ്തിഷ്ക ജ്വരം റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുമായി ചേർന്ന് പ്രാരംഭ ഘട്ടത്തിൽ തന്നെ രോഗം സ്ഥിരീകരിക്കാനുള്ള മോളിക്യുലർ പരിശോധനാ സംവിധാനങ്ങൾ ഒരുക്കാനുള്ള നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. മേയ് 28ന് ആരോഗ്യവകുപ്പ് മന്ത്രി വിളിച്ചു ചേർത്ത പ്രത്യേക യോഗത്തിൽ വിദഗ്ധരുടെ നേതൃത്വത്തിൽ ചികിത്സാ മാർഗനിർദേശങ്ങൾ തയാറാക്കുന്നതിന് തീരുമാനിക്കുകയും ഇതനുസരിച്ച് ജൂലൈ 20ന് അമീബിക് മസ്തിഷ്ക ജ്വരത്തിന് ചികിത്സാ മാർഗരേഖ പുറത്തിറക്കുകയും ചെയ്തു. രാജ്യത്ത് തന്നെ ആദ്യമായാണ് അമീബിക് മസ്തിഷ്ക ജ്വരത്തിന് സമഗ്ര മാർഗരേഖ പുറത്തിറക്കിയത്.

## ഇന്ന്

### സലൂൺ ഓഫ് ദ ഇയർ പുരസ്കാരം

സംസ്ഥാനത്തെ സൗന്ദര്യ സംരക്ഷണ മേഖലയിലെ സംരംഭകരെ ആദരിക്കുന്നതിനായി ക്ലബ്സ് ഓഫ് സലൂൺ അസ്സോസിയേഷനും സിറ്റി കളക്ഷൻസും സംയുക്തമായി ഏർപ്പെടുത്തിയ സലൂൺ ഓഫ് ദ ഇയർ പുരസ്കാര വിതരണം ഇന്ന് (23.07.2024, ചൊവ്വ) ബോൾഗാട്ടി സിറ്റി ഓഡിറ്റോറിയത്തിൽ ഉമാ തോമസ് എംഎൽഎ രാവിലെ 11 ന്



# പിഎച്ച്ഡി ബാച്ചിനു തുടക്കമിട്ട് ഐഐഎം സമ്പൽപൂർ

**കൊച്ചി:** ഐഐഎം സമ്പൽപൂരിലെ ആറാമത് പിഎച്ച്ഡി ബാച്ചിനും അഞ്ചാമത് എക്സിക്യൂട്ടീവ് പിഎച്ച്ഡി ബാച്ചിനും തുടക്കമായി. പിഎച്ച്ഡി, എക്സിക്യൂട്ടീവ് പിഎച്ച്ഡി ബാച്ചുകളിലായി ആകെ 25 പേരാണുള്ളത്. സിഇഒ, മാനേജിങ് ഡയറക്ടർ, ഡെപ്യൂട്ടി മജിസ്ട്രേട്ട്, സീനിയർ സൂപ്രണ്ട് ഓഫ് പോലീസ്, ഐഐടി അധ്യാപകർ തുടങ്ങിയവർ അടങ്ങുന്ന വിപുലമായ നിരയാണ് ഈ വിദ്യാർത്ഥികൾക്കിടയിലുള്ളത്. പുതുമകൾ കണ്ടെത്തുന്നതിനും യഥാർത്ഥ ലോകത്തിലെ പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നതിലും ഗവേഷണത്തിനു വലിയ പ്രാധാന്യമാണുള്ളതെന്ന് ഇതേക്കുറിച്ചു സംസാരിക്കവെ ഐഐഎം സമ്പൽപൂർ മാനേജിങ് ഡയറക്ടർ പ്രൊഫ. മഹാദിയോ ജെയ്സ്വാൾ പറഞ്ഞു.

# 2024ലെ ജനപ്രിയ ചിത്രങ്ങൾ പ്രഖ്യാപിച്ച് ഐഎംഡിബി

**കൊച്ചി:** സിനിമകൾ, ടിവി ഷോകൾ, സെലിബ്രിറ്റികൾ എന്നിവയെക്കുറിച്ചുള്ള ലോകത്തെ ഏറ്റവും ജനപ്രിയവും ആധികാരികവുമായ ശ്രോതസ്സായ ഐഎംഡിബി 2024ൽ ഇതുവരെ ഇറങ്ങിയവയിൽ ഏറ്റവും ജനപ്രീതി നേടിയ ഇന്ത്യൻ സിനിമകളുടെ പട്ടിക പ്രഖ്യാപിച്ചു.

കൽക്കി 2898എഡിയാണ് പട്ടികയിൽ ഒന്നാം റാങ്കിങ്ങിൽ ഇടം പിടിച്ചിരിക്കുന്നത്. ലോകമെമ്പാടുമുള്ള പ്രേക്ഷകരുടെ സ്നേഹമാണ് ഇതിൽ പ്രതിഫലിക്കുന്നതെന്ന് ഞാൻ വിശ്വസിക്കുന്നു. ഇനിയും ഒരുപാട് ദൂരം മുന്നോട്ടു പോകാൻ ഇത് ഞങ്ങൾക്ക് പ്രചോദനമാണ്.

കൽക്കിയുടെ സംവിധായകൻ നാഗ് അശ്വിൻ അഭിപ്രായപ്പെട്ടു. മഞ്ഞുമ്മൽ ബോയ്സാണ് പട്ടികയിൽ രണ്ടാം സ്ഥാനത്ത്. ലോകമെങ്ങുമുള്ള പ്രേക്ഷകരുടെ അവരുടെ സ്നേഹത്തിനും പിന്തുണയ്ക്കും എന്റെ സന്തോഷവും നന്ദിയും അറിയിക്കുന്നു.

മുഴുവൻ അഭിനേതാക്കളുടെയും സാങ്കേതിക പ്രവർത്തകരുടെയും കഠിനാധ്വാനത്തിന്റെയും സമർപ്പണത്തിന്റെയും ഫലമാണ് ഈ നേട്ടം. മഞ്ഞുമ്മൽ ബോയ്സിന്റെ സംവിധായകൻ ചിദംബരം അഭിപ്രായപ്പെട്ടു.

പ്രേമലു, ആവേശം എന്നീ ചിത്രങ്ങളും ആദ്യ പത്തിൽ ഇടം നേടിയിട്ടുണ്ട്. ഫൈറ്റർ, ലാപതാ ലേഡീസ് തുടങ്ങിയ ചിത്രങ്ങളാണ് പട്ടികയിൽ ഇടം നേടിയ മറ്റ് ചിത്രങ്ങൾ. ഈ വർഷം ഏറ്റവും പ്രതീക്ഷയോടെ റിലീസ് കാത്തിരിക്കുന്ന ചിത്രങ്ങളുടെ പട്ടികയിൽ ആദ്യ സ്ഥാനം പുഷ്പ 2 വിന്റേതാണ്. ദി ഗ്രേറ്റസ്റ്റ് ഓഫ് ഓൾ ടൈം, തങ്കലാൻ, കംഗുവാ തുടങ്ങിയ ചിത്രങ്ങൾ ആദ്യ പത്തിലുണ്ട്.

# അതിഥി അധ്യാപക നിയമനം

**മലപ്പുറം:** താനൂർ സി.എച്ച്.എം.കെ.എം. ഗവ ആർട്സ് ആന്റ് സയൻസ് കോളേജിൽ 202425 അധ്യയന വർഷത്തേക്ക് ഇലക്ട്രോണിക്സ് വിഭാഗത്തിൽ അതിഥി അധ്യാപകരെ നിയമിക്കുന്നു. യു.ജി.സി നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയുള്ളവരും കോഴിക്കോട് കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരുമായ ഉദ്യോഗാർഥികൾ യോഗ്യതകൾ, മുൻപരിചയം എന്നിവ തെളിയിക്കുന്നതിനുള്ള അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ജൂലൈ 26 ന് രാവിലെ 10 ന് അഭിമുഖത്തിനായി കോളേജിൽ ഹാജരാകണം. വിശദ വിവരങ്ങൾക്ക് കോളേജ് വെബ്സൈറ്റ് gctanur.ac.in സന്ദർശിക്കുക.

# കെഎസ്ആർടിസി കുറിയർ സർവീസിന് മികച്ച വരവേൽപ്; 5 കോടി രൂപ വരുമാനം



**കൊല്ലം:** കെഎസ്ആർടിസി വാണിജ്യ വിഭാഗത്തിനു കീഴിൽ ആരംഭിച്ച കുറിയർ സർവീസിന് മികച്ച വരവേൽപ്. സംസ്ഥാന തലത്തിൽ ഒരു വർഷത്തിനിടയിൽ സമാഹരിച്ചത് ഏകദേശം 5 കോടിയിലേറെ രൂപ. കേരളത്തിലെ 46 കെഎസ്ആർടിസി ഡിപ്പോ കൗണ്ടറുകളിൽ നിന്ന് പ്രതിദിനം 1.75 ലക്ഷം രൂപ വരുമാനം ലഭിക്കുന്നതായി കെഎസ്ആർടിസി അധികൃതർ അറിയിച്ചു.

കൊല്ലം ജില്ലയിലെ 4 കൗണ്ടറുകളിൽ നിന്നു മാത്രം പ്രതിദിനം ശരാശരി 25000 രൂപയാണ് വരുമാനം. കൊല്ലത്തിനു പുറമേ, കൊട്ടാരക്കര, പുനലൂർ, കരുനാഗപ്പള്ളി എന്നിവിടങ്ങളിലാണ് കുറിയർ കൗണ്ടറുകൾ. ഒരു വർഷത്തിനിടെ കൊല്ലം ജില്ലയിലെ വരുമാനം 70 ലക്ഷത്തിലേറെ രൂപയാണ്. കൊല്ലം ഡിപ്പോയിൽ നിന്നു മാത്രം പ്രതിദിനം ശരാശരി 13,000 രൂപ വരുമാനമുണ്ടെന്നും അധികൃതർ വ്യക്തമാക്കി. കഴിഞ്ഞ വർഷം ജൂണിലാണ് കുറിയർ സർവീസ് ആരംഭിച്ചത്.

ആറു ലക്ഷത്തിൽ അധികം പാഴ്സലുകളാണ് ഇതിനോടകം വിനിമയം ചെയ്തത്. നിരക്കു കുറവായതിനാൽ ജനങ്ങൾക്ക് ഇപ്പോൾ കെഎസ്ആർടിസി കുറിയറിനോട് താൽപര്യം കൂടിയെന്നാണു വിലയിരുത്തൽ. സാധാരണയായി രാവിലെ എട്ടു മുതൽ രാത്രി എട്ടു വരെയാണ് കുറിയർ സേവനം ലഭ്യമാകുന്നത്.

എന്നാൽ, കൊല്ലം, കൊട്ടാരക്കര ഡിപ്പോകളിൽ 24 മണിക്കൂർ സേവനം ലഭ്യമാണ്. ദിവസവും 800ൽ അധികം പാഴ്സലുകൾ ജില്ലയിലെ കേന്ദ്രങ്ങളിൽ എത്തുന്നുണ്ട്. 16 മണിക്കൂർ കൊണ്ട് കേരളത്തിൽ എവിടെയും പാഴ്സൽ എത്തുമെന്നതു കൊണ്ട് സ്വകാര്യ കുറിയർ കമ്പനികളും കെഎസ്ആർടിസിയെ ആശ്രയിക്കുന്നു. മറ്റു കുറിയർ സർവീസുകളെ അപേക്ഷിച്ച് നിരക്കിൽ 30 ശതമാനം കുറവുണ്ട്. സ്വിഫ്റ്റ് ബസിലും പാഴ്സൽ അയയ്ക്കുന്നുണ്ട്. ഡോർ ടു ഡോർ ഡെലിവറി സേവനം ലഭ്യമാക്കുന്ന കാര്യം പരിഗണനയിലുണ്ടെന്നും വൈകാതെ തുടങ്ങുമെന്നു അധികൃതർ പറഞ്ഞു.

ബസ് വഴിയിൽ കിടന്നാലും പാഴ്സൽ വൈകില്ല. പിന്നാലെ എത്തുന്ന ബസിൽ അവ കയറ്റിവിടും. ഉപഭോക്താക്കളെ ഫോണിൽ വിവരം അറിയിക്കും. വാഹനങ്ങളുടെ യന്ത്രഭാഗങ്ങൾ, മെഡിക്കൽ ഉപകരണങ്ങൾ, കംപ്യൂട്ടറുകൾ, കണ്ണടകൾ, കശുവണ്ടി, കരകൗശല വസ്തുക്കൾ ഉൾപ്പെടെ പരമ്പരാഗത ഉൽപന്നങ്ങൾ തുടങ്ങി നിയമ വിധേയമായ വസ്തുക്കൾ എന്തും കെഎസ്ആർടിസി കുറിയർ വഴി അയയ്ക്കാം. സാധനങ്ങളുടെ തൂക്കം അനുസരിച്ചാണ് നിരക്ക്.



# രക്തദാന മെഗാക്യാമ്പ് സംഘടിപ്പിച്ചു

**കോലഞ്ചേരി:** ടിക് സെവൻ ആർട്സ് & സ്പോർട്സ് ക്ലബ്ബിന്റെയും കോലഞ്ചേരി മെഡിക്കൽ കോളേജ് ഹോസ്പിറ്റലിന്റെയും സംയുക്താഭിമുഖ്യത്തിൽ മെഗാ രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു. പാലക്കമാറ്റം വൃദ്ധ റീക്രീയേഷൻ സെന്റർൽ വച്ച് നടന്ന ക്യാമ്പ് വാർഡ് മെമ്പർ ബിജു കെ ജോർജ് ഉദ്ഘാടനം നിർവഹിച്ചു. ക്ലബ് പ്രസിഡന്റ് മോഹൻ കൃഷ്ണൻ അധ്യക്ഷത വഹിച്ചു. ?ക്യാമ്പിൽ പങ്കെടുത്ത് രക്തദാനം നൽകിയ എല്ലാവർക്കും ക്ലബ് കമ്മിറ്റിയുടെ പേരിൽ നന്ദി അറിയിച്ചു.

# ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ സംവരണ സീറ്റ് ഒഴിവ്

**കൊച്ചി:** കളമശേരി ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഹോട്ടൽ മാനേജ്മെന്റ് കോഴ്സായ ബേക്കറി ആന്റ് കൺഫെക്ഷണറിയിൽ വിശ്വകർമ്മ, പിന്നാക്ക ക്രിസ്ത്യൻ, എസ്.ടി വിഭാഗങ്ങളിൽ ഓരോ സീറ്റും, ഫുഡ് പ്രൊഡക്ഷൻ കോഴ്സിൽ കുശവ, മുസ്ലീം വിഭാഗത്തിൽ ഓരോ സീറ്റും, ഇ ഡബ്ല്യു വിഭാഗത്തിൽ രണ്ട് സീറ്റും ഒഴിവുണ്ട്. മറ്റ് കോഴ്സുകളിൽ ജനറൽ/സംവരണ ഭാഗങ്ങളിൽ ഏതാനും സീറ്റുകള് ഒഴിവുണ്ട്. താത്പര്യമുള്ളവര് ഓഫീസുമായി ബന്ധപ്പെടുക. യോഗ്യത പ്ലസ് ടു/തത്തുല്യം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 04842558385, 2963385, 9188133492.

# മാധ്യമ പുരസ്ക്കാരങ്ങൾ വിതരണം ചെയ്തു

**കണ്ണൂർ:** ജില്ലാ അഗ്രി ഹോർട്ടി കൾച്ചറൽ സൊസൈറ്റി സംഘടിപ്പിച്ച കണ്ണൂർ പുഷ്പോത്സവത്തിന്റെ ഭാഗമായുള്ള മാധ്യമ പുരസ്ക്കാരങ്ങൾ കണ്ണൂർ റബ്കോ മിനി ഓഡിറ്റോറിയത്തിൽ രജിസ്ട്രേഷൻ പുരാവസ്തു വകുപ്പു മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി വിതരണം ചെയ്തു.

ചടങ്ങിൽ അസി: കലക്ടർ ഗ്രന്ഥേ സായി കൃഷ്ണ അധ്യക്ഷത വഹിച്ചു. പ്രസ് ക്ലബ് സെക്രട്ടറി കെ വിജേഷ്, ആകാശവാണി മുൻ സ്റ്റേഷൻ ഡയറക്ടർ ബാലകൃഷ്ണൻ കൊയ്യാൽ, വി പി കിരൺ, ടി പി വിജയൻ, കെ എം. ബാലചന്ദ്രൻഎന്നിവർ സംസാരിച്ചു.

സമഗ്ര കവറേജ് (അച്ചടി മാധ്യമം) പുരസ്ക്കാരം സുദിനം സായാഹ്ന പത്രത്തിനാണ്. രണ്ടാം സ്ഥാനം: ദേശാഭിമാനി ദിന പത്രം. എം അബ്ദുൾ മുനീർ ( സുദിനം) ആണ് മികച്ച റിപ്പോർട്ടർ. രാഗേഷ് കായലൂർ ( ദേശാഭിമാനി) രണ്ടാം സ്ഥാനം നേടി. ദേശാഭിമാനിയിലെ സുമേഷ് കോടിയത്ത് ആണ് മികച്ച ഫോട്ടോഗ്രാഫർ.

ദൃശ്യമാധ്യമം വിഭാഗത്തിൽ സമഗ്ര കവറേജിനുള്ള പുരസ്ക്കാരം കണ്ണൂർ വിഷനാണ്. മനോജ് മയ്യിലാണ് ഈ വിഭാഗത്തിലെ മികച്ച റിപ്പോർട്ടർ. ശ്രവ്യ മാധ്യമം വിഭാഗത്തിൽ ആകാശവാണി കണ്ണൂർ നിലയത്തിനാണ് സമഗ്ര കവറേജിനുള്ള പുരസ്ക്കാരം. കെ ഒ ശശിധരൻ, സി സീമ എന്നിവർ ഈ വിഭാഗത്തിൽ മികച്ച റിപ്പോർട്ടർ പുരസ്ക്കാരത്തിന് അർഹരായി.

# ആഫ്രിക്കൻ പന്നിപ്പനി സ്ഥിരീകരിച്ചു; പത്ത് ഫാമുകളിലെ പന്നികളെ കൊല്ലാൻ ഉത്തരവ്

**കണ്ണൂർ:** ഉദയഗിരി ഗ്രാമപഞ്ചായത്തിലെ മണ്ണാത്തികുണ്ട് ബാബു കൊടകനാലിന്റെ ഉടമസ്ഥതയിലുള്ള പന്നി ഫാമിൽ ആഫ്രിക്കൻ പന്നിപ്പനി സ്ഥിരീകരിച്ചു. ഈ ഫാമിലെയും കൂടാതെ പ്രഭവകേന്ദ്രത്തിന്റെ ഒരു കിലോ മീറ്റർ ചുറ്റളവിലുള്ള മുഴുവൻ പന്നികളെയും അടിയന്തിരമായി ഉന്മൂലനം ചെയ്ത് മാനദണ്ഡങ്ങൾ പ്രകാരം സംസ്കരിക്കാനും ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാനായ ജില്ലാ കലക്ടർ അരുൺ കെ വിജയൻ ഉത്തരവായി. ഉദയഗിരി പഞ്ചായത്തിൽ രോഗം സ്ഥീരീകരിച്ച പന്നിഫാമിനു ചുറ്റുമുള്ള ഒരു കീലോമീറ്റർ പ്രദേശം രോഗ ബാധിത പ്രദേശം ആയും 10 കീലോമീറ്റർ ചുറ്റളവ് രോഗ നിരീക്ഷണ മേഖലയായും പ്രഖ്യാപിച്ച് ജില്ലാ കലക്ടർ ഉത്തരവായി. ഈ പ്രദേശങ്ങളിൽ പന്നി മാംസം വിതരണം ചെയ്യുന്നതും വിതരണം ചെയ്യുന്ന കടകളുടെ പ്രവർത്തനവും പന്നികളെ ജില്ലയിലെ മറ്റു പ്രദേശങ്ങളിൽ കൊണ്ടുപോകുന്നതും മറ്റ് പ്രദേശങ്ങളിൽ നിന്ന് നിരീക്ഷണ മേഖലയിലേയ്ക്ക് കൊണ്ട് വരുന്നതും മൂന്ന് മാസത്തേക്ക് ജില്ലാ കലക്ടർ നിരോധിച്ചു.

പന്നികളെ ഉന്മൂലനം ചെയ്ത് ജഡങ്ങൾ മാനദണ്ഡങ്ങൾ പ്രകാരം സംസ്കരിച്ച് ജില്ലാ മൃഗ സംരക്ഷണ ഓഫീസർ റിപ്പോർട്ട് ചെയ്യാൻ നിർദേശിച്ചു. ഉദയഗിരി ഗ്രാമപഞ്ചായത്തിലെ രോഗം സ്ഥിരീകരിച്ച പന്നി ഫാമുകളിൽ നിന്നും മറ്റ് പന്നി ഫാമുകളിലേക്ക് കഴിഞ്ഞ രണ്ടു മാസങ്ങൾക്കുള്ളിൽ പന്നികളെ കൊണ്ടുപോയിട്ടുണ്ടോ എന്ന് പരിശോധിച്ചു അടിയന്തിര റിപ്പോർട്ട് ജില്ലാ മൃഗ സംരക്ഷണ ഓഫീസർ സമർപ്പിക്കണം.

